# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ :6606/11/12/2024/**

പരാതികക്ഷി : ജോൺ ലോറൻസ്, അഞ്ചു മരക്കാല
പോറ്റുവിള വീട്, വെള്ളറട, തിരുവനന്തപുരം ം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 07.03.2025**

വെള്ളറട ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ഹർജികക്ഷിക്ക് പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വീട് പുനരുദ്ധാരണത്തിന് അപേക്ഷ നൽകിയിട്ട് നടപടി ഉണ്ടായില്ല എന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 18.10.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ ഭവന പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ നിലവിലില്ല എന്നും, വെള്ളറട ഗ്രാമപഞ്ചായത്തിൽ 2018നു ശേഷം ഭവന പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്നും, നിലവിൽ ഹർജികക്ഷിക്ക് വാസയോഗ്യമായ വീടുണ്ട് എന്നും, വരുന്ന വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട വരുന്ന മുറയ്ക്ക് അർഹതമാനദണ്ഡങ്ങൾ പാലിച്ച് ടിയാന്റെ അപേക്ഷ പരിഗണിക്കുന്നതാണെന്ന് റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനക്കെടുത്ത 07.03.2025 തീയതി പരാതികക്ഷി ഹാജരായി. റിപ്പോർട്ടിൽ പ്രതിപാദിച്ച പ്രകാരം വരുന്ന വർഷങ്ങളിൽ ഭവനപുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ പരാതികക്ഷിയുടെ അപേക്ഷ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിക്കേണ്ടതാണെന്ന നിർദ്ദേശത്തോടേ ഈ പരാതി തീർപ്പാക്കുന്നു.

ഈ ഉത്തരവിന്റെ പകർപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ